**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1096** **06-02-2023 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റി ഉല്പാദിപ്പിക്കുന്ന ശുദ്ധജലവും വിതരണവും.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി 2010 മുതൽ 2022 വരെയുള്ള കാലയളവിൽ ഉത്പാദിപ്പിച്ച ശുദ്ധജലത്തിന്റെ അളവ് ദശലക്ഷം ലിറ്റർ യൂണിറ്റ് അളവിൽ വർഷം തിരിച്ച് പട്ടികയാക്കി ലഭ്യമാക്കുമോ; | (എ) | കേരളാ വാട്ടർ അതോറിട്ടിയിൽ 2010 മുതൽ 2022 വരെയുള്ള കാലയളവിൽ ഉത്പാദിപ്പിച്ച ശുദ്ധജലത്തിന്റെ അളവ് വർഷം തിരിച്ച് പട്ടിക രൂപത്തിൽ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | 2010 മുതൽ 2022 നവംബർ വരെയുള്ള കാലയളവിലെ ശുദ്ധജല ഉല്പാദനത്തിന്റെ ചെലവ് ഒരു കിലോ ലിറ്ററിന് ഓരോ വർഷത്തിലും എത്രയാണെന്നത് സംബന്ധിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | 2010 മുതൽ 2022 നവംബർ വരെയുള്ള കാലയളവിലെ ശുദ്ധജല ഉല്പാദനത്തിന്റെ ചെലവ് സംബന്ധിച്ച കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | കേരള വാട്ടർ അതോറിറ്റിക്ക് 2002 മുതൽ 2022 വരെ നൽകിയിട്ടുള്ള നോൺ പ്ലാൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ വാട്ടർ അതോറിറ്റി വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം റവന്യൂവർഷം തിരിച്ച് വ്യക്തമാക്കുമോ; | (സി) | കേരള വാട്ടർ അതോറിറ്റിക്ക് 2002 മുതൽ 2022 വരെ നൽകിയിട്ടുള്ള നോൺ പ്ലാൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ വർഷം തിരിച്ച് അനുബന്ധം 3 ആയി ചേർക്കുന്നു. |
| (ഡി) | 1 കിലോ ലിറ്റർ ശുദ്ധജലം ഉല്പാദിപ്പിക്കാൻ ഉണ്ടാകുന്ന ചെലവ് എന്തൊക്കെ മാനദണ്ഡങ്ങളും സൂത്രവാക്യവും ഉപയോഗിച്ചാണ് കണക്കാക്കുന്നത് എന്നറിയിക്കാമോ; | (ഡി) | ശുദ്ധജലവിതരണവും അതിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് ഒരു വർഷം ചെലവാകുന്ന ആകെ ചെലവിനെ ഒരു വർഷത്തെ ആകെ വിതരണത്തിന് ലഭ്യമായ കുടിവെള്ളത്തിന്റെ അളവിലേക്കു പരിവർത്തനം ചെയ്താണ് ഒരു കിലോ ലിറ്ററിന് ചെലവാകുന്ന തുക കണക്കാക്കുന്നത്. |
| (ഇ) | നിലവിൽ കേരള വാട്ടർ അതോറിറ്റി ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവൃത്തിക്കുന്നത് എന്നത് വ്യക്തമാക്കുമോ; എങ്കിൽ ലാഭം/നഷ്ടം എത്ര കോടി രൂപ എന്ന് അറിയിക്കുമോ; | (ഇ) | കേരള ജല അതോറിറ്റി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കേരള ജല അതോറിറ്റി ബോർഡ് അംഗീകരിച്ച് അക്കൗണ്ട് ജനറലിന് (ഓഡിറ്റ്) സമർപ്പിച്ച 2021-22 വാർഷിക കണക്ക പ്രകാരം 31-03-2022 ലെ സഞ്ചിത നഷ്ടം 4911.42 കോടി രൂപയാണ്. പ്രസ്തുത സാമ്പത്തിക വർഷത്തെ നഷ്ടം 824.33 കോടി രൂപയാണ് (മുൻ കാലയളവിലെ ക്രമപ്പെടുത്തൽ ഉൾപ്പെടെ). |
| | | | |

| | | | |
|---|---|---|---|
| (എഫ്) | നോൺ റവന്യൂ വാട്ടർ (NRW) എന്താണെന്നും അത് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ; നോൺ റവന്യൂ വാട്ടർ, നോൺ വാട്ടർ റവന്യൂ (മറ്റിതര വരുമാനം) എന്നീ ഇനങ്ങളിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ ലഭിച്ച നഷ്ടവും വരുമാനവും സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ? | (എഫ്) | ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിന്റെ പക്കൽ എത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസത്തെ വരുമാന രഹിത ജലമായാണ് (Non - Revenue Water) കണക്കാക്കുന്നത്. ഇത് പ്രധാനമായും രണ്ട ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത് - പൈപ്പുകളിലൂടെയും മറ്റും ചോർച്ച കാരണം യഥാർത്ഥത്തിൽ ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാത്തത് കൊണ്ടുള്ള നഷ്ടവും (വാണിജ്യ നഷ്ടം). കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉത്പാദനശേഷിയും ആകെ ബില്ല് ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വരുമാന രഹിത ജലത്തിന്റെ അളവ് (Non - Revenue Water) ഏകദേശം 40%-45% ത്തോളം ആണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ഭൗതിക നഷ്ടവും (Physical Loss) വാണിജ്യ നഷ്ടവും (Commercial loss) ഉൾപ്പെടുന്നു. അതോറിറ്റിയെ സംബന്ധിച്ച് ഇവ വേർതിരിച്ച് നിർണയിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. ആയതിനാൽ നോൺ റവന്യൂ വാട്ടർ, നോൺ വാട്ടർ റവന്യൂ (മറ്റിതര വരുമാനം) എന്നീ ഇനങ്ങളിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ ലഭിച്ച നഷ്ടവും വരുമാനവും സംബന്ധിച്ച വിശദാംശം ലഭ്യമല്ല. ആകെയുള്ള വരുമാന രഹിത ജലത്തിൽ 20 % - 25 % ശതമാനം മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത് എന്നാണ് പ്രാഥമിക പഠനങ്ങൾ സൂചിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1

## കേരളാ വാട്ടർ അതോറിട്ടിയിൽ 2010 മുതൽ 2022 വരെയുള്ള കാലയളവിൽ ഉത്പാദിപ്പിച്ച ശുദ്ധജലത്തിന്റെ അളവ്

| വർഷം | ആകെ ( ദശലക്ഷം ലിറ്ററിൽ ) |
|---|---|
| 2010 | 621022 |
| 2011 | 627652 |
| 2012 | 650291 |
| 2013 | 662041 |
| 2014 | 674184 |
| 2015 | 726549 |
| 2016 | 770667 |
| 2017 | 793045 |
| 2018 | 844214 |
| 2019 | 891552 |
| 2020 | 912106 |
| 2021 | 953372 |
| 2022 | 1007507 |

**<u>അനുബന്ധം – 2</u>**

**2010 മുതൽ 2022 നവംബർ വരെയുള്ള കാലയളവിലെ ശുദ്ധജല ഉല്പാദനത്തിന്റെ ചെലവ്**

| സാമ്പത്തിക വർഷം | ചെലവ് ഒരു കിലോ ലിറ്ററിന് (രൂപയിൽ) |
|---|---|
| 2010-11 | 14.74 |
| 2011-12 | 15.44 |
| 2012-13 | 18.78 |
| 2013-14 | 21.47 |
| 2014-15 | 21.85 |
| 2015-16 | 24.07 |
| 2016-17 | 23.58 |
| 2017-18 | 25.04 |
| 2018-19 | 25.24 |
| 2019-20 | 25.99 |
| 2020-21 | 23.89 |
| 2021-22 | 22.85 |

**അനുബന്ധം – 3**

**കേരള വാട്ടർ അതോറിറ്റിക്ക് 2001–2002 സാമ്പത്തിക വർഷം മുതൽ 2021–2022 സാമ്പത്തിക വർഷം വരെ നൽകിയിട്ടുള്ള നോൺ പ്ലാൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ സംബന്ധിച്ച വിശദവിവരം**

| Year | NON PLAN FUND RECEIPT | NON PLAN FUND EXPENDITURE | GRANT FROM GOK | LOAN FROM GOK RECEIVED AS GRANT | TOTAL PLAN FUND EXPENDITURE (Rs. in Crores) |
|---|---|---|---|---|---|
| 2001-2002 | 61.86 | 61.86 | 81.25 | 15.75 | 81.14 |
| 2002-2003 | 61.86 | 61.86 | 86.25 | 58.57 | 88.14 |
| 2003-2004 | 61.24 | 61.24 | 89.83 | 7.87 | 85.44 |
| 2004-2005 | 76.21 | 76.21 | 89.76 | 6.5 | 85.44 |
| 2005-2006 | 80 | 80 | 71.45 | 96.04 | 95.06 |
| 2006-2007 | 88.6 | 88.6 | 85.76 | 149.34 | 274.61 |
| 2007-2008 | 99.46 | 99.46 | 68.98 | 662.18 | 555.32 |
| 2008-2009 | 107.2 | 107.2 | 114.89 | 379 | 595.23 |
| 2009-2010 | 167.93 | 167.93 | 401.67 | 315 | 624.05 |
| 2010-2011 | 199.72 | 199.72 | 300.86 | 96.46 | 356.8 |
| 2011-2012 | 191.52 | 191.52 | 238.2 | 232.32 | 452.91 |
| 2012-2013 | 228.66 | 228.66 | 335.55 | 256.91 | 613.06 |
| 2013-2014 | 198.65 | 198.65 | 325.87 | 191.26 | 479.56 |
| 2014-2015 | 225.16 | 225.16 | 251.29 | 50 | 387.85 |
| 2015-2016 | 265.11 | 265.11 | 388.16 | 80 | 502.39 |
| 2016-2017 | 296.56 | 296.56 | 471.72 | 51.17 | 400.45 |
| 2017-2018 | 280.97 | 280.97 | 366.28 | - | 564.96 |
| 2018-2019 | 359.02 | 359.02 | 326.7 | - | 347.4 |
| 2019-2020 | 273.53 | 273.53 | 188.73 | - | 263.45 |
| 2020-2021 | 347.44 | 347.44 | 773.73 | - | 729.53 |
| 2021-2022 | 321.06 | 321.06 | 1716.9 | - | 1433.64 |
| **TOTAL** | **3991.76** | **3991.76** | **6773.83** | **2648.37** | **9016.43** |

The plan grant includes amount received under "Projects under LAC-ADS"